LIBRARY ARCHIVES Kerala Legislative Assembly

കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പ്രസ്തുത സ്കൂളിൽ നിലവിലുണ്ടായിരുന്നില്ല. എന്നാൽ കിഫ്ബിവഴി ലഭ്യമായ തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

കുണ്ടംകുഴി, ഉദുമ ഹയർ സെക്കണ്ടറി സ്കൂളുകൾ

169 (918) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുണ്ടംകുഴി, ഉദുമ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ നിലവിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ മൂന്ന് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. ഉദുമ, ജി.എച്ച്. എസ്.എസ്. കുണ്ടംകുഴി എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് പുനഃപരിശോധിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽനിന്ന് അറിയിച്ചതനുസരിച്ച് കില ഡി.പി.ആർ. പുതുക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യവികസനം

170 (919) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള രണ്ടാമത്തെ സ്കീമിൽ 'കില'-യെ എസ്.പി.വി- യായി ചുമതലപ്പെടുത്തിക്കൊണ്ട് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കും ഭാഗം ഗവ: ഹയർ സെക്കണ്ടറി സ്കൂളിനേയും ചിറക്കര ഗവ: ഹൈസ്കൂളിനെയും ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?